G 3330 (Pages : 3) Reg. No.................................

Name.....................................

# FIVE YEAR B.A., LL.B./B.Com., LL.B. (HONOURS) DEGREE EXAMINATION MAY 2023

## Fifth Semester

## FM - 2 - Paper II—MALAYALAM

(2019 Admissions–Regular/2018 Admissions–Supplementary)

Time : Three Hours Maximum : 75 Marks

I. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

നരവംശശാസ്ത്രം എന്ന പദത്തിന്റെ അർത്ഥം മനുഷ്യശാസ്ത്രം എന്നാണ്. മനുഷ്യനെന്നും ശാസ്ത്രമെന്നും അർത്ഥം വരുന്ന 'അന്ത്രോപോസ്', ലോഗോസ് എന്നീ രണ്ട് ഗ്രീക്ക് പദങ്ങളിൽ നിന്നാണ് അന്ത്രോപോളജി എന്ന പദം ഉണ്ടായത്. അന്ത്രോപോളജി എന്ന പദം ആദ്യമായി ഉപയോഗിച്ചത് അരിസ്റ്റോട്ടിൽ ആണെന്ന് പറയപ്പെടുന്നു. മനുഷ്യ വംശത്തിന്റെ ഉല്പത്തി മുതൽ അവന്റെ ഭൗതികവും സാംസ്കാരികവും സാമൂഹിക വുമായ വികസനത്തെപ്പറ്റിയും സ്വഭാവരീതികളെയും പറ്റിയുള്ള ശാസ്ത്രീയപഠനമാണ് നരവംശ ശാസ്ത്രം. നാച്ചുറൽ സയൻസിൽ നിന്നും മാനവിക വിഷയത്തിൽ നിന്നും നരവംശശാസ്ത്രം അതിന്റെ ശാസ്ത്രീയവും സാമൂഹികവുമായ വശങ്ങൾ ഉൾക്കൊണ്ടിരിക്കുന്നു. മനുഷ്യ സ്വഭാവത്തെ പാരിസ്ഥിതിക ശാസ്ത്രത്തി ന്റെയും ജനിതക ശാസ്ത്രത്തിന്റെയും സാമൂഹിക ഘടനയുടെയും സാംസ്കാരിക ചിഹ്നങ്ങളുടെയും അതി സങ്കീർണ്ണമായ ഒരു മിശ്രിതമായും ഇതൊരു വ്യക്തിയുടെ ജീവിതത്തിൽ നിരന്തരം എങ്ങനെ പ്രവർത്തിക്കു ന്നുവെന്ന് പഠിക്കാനും നരവംശശാസ്ത്രം ശ്രമിക്കുന്നു. മനുഷ്യന് നേർക്കാഴ്ച നൽകുന്ന ഒരു വിഷയ മായും ഇത് അറിയപ്പെടുന്നു. ശാസ്ത്ര വിഷയങ്ങൾക്കിടയിൽ ഏറ്റവും മാനവികമായും മാനവിക വിഷയ ങ്ങൾക്കിടയിൽ ഏറ്റവും ശാസ്ത്രീയമായും നരവംശ ശാസ്ത്രം പ്രശസ്തമാണ്.

(a) അന്ത്രോപോളജി എന്ന പദം ആദ്യം ഉപയോഗിച്ചത് ആരാണ് ?

(b) മനുഷ്യന് നേർക്കാഴ്ച നൽകുന്ന വിഷയം എന്ന് വിശേഷിപ്പിക്കുന്നത് ഏതിനെയാണ് ?

(c) ഏതൊക്കെ പദങ്ങളിൽ നിന്നാണ് അന്ത്രോപോളജി എന്ന പദം ഉണ്ടായത് ?

(d) നരവംശ ശാസ്ത്രം എന്ന പദത്തിന്റെ അർത്ഥമെന്താണ് ?

(e) ലോഗോസ് എന്ന പദത്തിന്റെ അർത്ഥം എഴുതുക.

(5 × 1 = 5 marks)

II. ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക.

(a) മാധ്യമങ്ങളും പരസ്യവും.

(b) നവോത്ഥാന കേരളം.

(1 × 10 = 10 marks)

Turn over

III. കത്തെഴുതുക.

നിങ്ങളുടെ ഗ്രാമത്തിലെ പാരിസ്ഥിതിക വിഷയങ്ങൾ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് മുഖ്യമന്ത്രിക്ക് ഒരു കത്തെഴുതുക.

(1 × 10 = 10 marks)

IV. പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക.

(a) തണ്ടാർ.

(b) ചിദാനന്ദം.

(c) പൊൽത്താമര.

(d) തിരുവോണം.

(e) മരത്തിന്റെ.

(5 × 1 = 5 marks)

V. വിപരീത പദമെഴുതുക.

(a) അധികൃതം.

(b) അവമാനം.

(c) അനാഥ.

(3 × 1 = 3 marks)

VI. പര്യായം എഴുതുക.

(a) മേഘം.

(b) മഴ.

(2 × 2 = 4 marks)

VII. ശരിയായ പദം തെരഞ്ഞെടുത്തെഴുതുക.

(a) അടിമത്വം – അടിമത്തം.

(b) അധപതനം – അധഃപതനം.

(c) അജ്ഞനം – അഞ്ജനം.

(3 × 1 = 3 marks)

VIII. നാനാർത്ഥം എഴുതുക.

(a) വരണം.

(b) അങ്കുരം.

(2 × 2 = 4 marks)

IX. അർത്ഥ വ്യത്യാസം എഴുതുക.

(a) ആദി – ആധി.

(b) ഉരഗം – തുരംഗം.

(2 × 2 = 4 marks)

X. ഒറ്റപദമെഴുതുക.

(a) ഉയർച്ച ആഗ്രഹിക്കുന്നവൻ.

(b) ഉദ്യോഗസംബന്ധമായത്.

(2 × 1 = 2 marks)

XI. ഏതെങ്കിലും **അഞ്ച്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

(a) മനുഷ്യപുത്രി എന്ന കഥയുടെ സാമൂഹിക പശ്ചാത്തലം പരിശോധിക്കുക.

(b) വള്ളത്തോളിന്റെ കാവ്യസവിശേഷതകൾ വിലയിരുത്തുക.

(c) 'ഒരു സങ്കീർത്തനം പോലെ എന്ന നോവലിന്റെ പ്രധാന സവിശേഷത അതിലെ ഭാഷാപരമായ മേൻമയാണ്'–അഭിപ്രായം എഴുതുക.

(d) 'നവോത്ഥാനത്തിന്റെ കവിയാണ് കുമാരനാശാൻ'–വീണപൂവിനെ ആസ്പദമാക്കി വിലയിരുത്തുക.

(e) മലയാളത്തിലെ പ്രധാന യാത്രാവിവരണ കൃതികളെ പരിചയപ്പെടുത്തുക.

(f) തത്വചിന്തകളുടെ ലയനമാണ് പ്രേമസംഗീതത്തെ ശ്രദ്ധേയമാക്കിയത്–വിശദമാക്കുക.

(g) 'ചെറുകഥയുടെ ചരിത്രവും പ്രാധാന്യവും വിലയിരുത്തുന്ന കൃതിയാണ് ചെറുകഥ ഇന്നലെ ഇന്ന് ' –അഭിപ്രായം എഴുതുക.

(h) ആധുനിക കവിത്രയത്തെ സമഗ്രമായി വിലയിരുത്തുക.

(5 × 5 = 25 marks)

IX. അർത്ഥ വ്യത്യാസം എഴുതുക.

(a) ആദി – ആധി.

(b) ഉരഗം – തുരംഗം.

(2 × 2 = 4 marks)

X. ഒറ്റപദമെഴുതുക.

(a) ഉയർച്ച ആഗ്രഹിക്കുന്നവൻ.

(b) ഉദ്യോഗസംബന്ധമായത്.

(2 × 1 = 2 marks)

XI. ഏതെങ്കിലും **അഞ്ച്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

(a) മനുഷ്യപുത്രി എന്ന കഥയുടെ സാമൂഹിക പശ്ചാത്തലം പരിശോധിക്കുക.

(b) വള്ളത്തോളിന്റെ കാവ്യസവിശേഷതകൾ വിലയിരുത്തുക.

(c) 'ഒരു സങ്കീർത്തനം പോലെ എന്ന നോവലിന്റെ പ്രധാന സവിശേഷത അതിലെ ഭാഷാപരമായ മേൻമയാണ്'–അഭിപ്രായം എഴുതുക.

(d) 'നവോത്ഥാനത്തിന്റെ കവിയാണ് കുമാരനാശാൻ'–വീണപൂവിനെ ആസ്പദമാക്കി വിലയിരുത്തുക.

(e) മലയാളത്തിലെ പ്രധാന യാത്രാവിവരണ കൃതികളെ പരിചയപ്പെടുത്തുക.

(f) തത്വചിന്തകളുടെ ലയനമാണ് പ്രേമസംഗീതത്തെ ശ്രദ്ധേയമാക്കിയത്–വിശദമാക്കുക.

(g) 'ചെറുകഥയുടെ ചരിത്രവും പ്രാധാന്യവും വിലയിരുത്തുന്ന കൃതിയാണ് ചെറുകഥ ഇന്നലെ ഇന്ന്' –അഭിപ്രായം എഴുതുക.

(h) ആധുനിക കവിത്രയത്തെ സമഗ്രമായി വിലയിരുത്തുക.

(5 × 5 = 25 marks)